LIBRARY ARCHIVES Kerala Legislative Assembly

## കേര കർഷകർക്ക് പെൻഷൻ

244 (1214) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേര കർഷകർക്ക് പ്രതിമാസം പെൻഷൻ നൽകുന്ന പദ്ധതിയിൽ ഇപ്പോൾ എത്ര ഗുണഭോക്താക്കൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ&ബി) നെൽകർഷകർക്കായുള്ള കിസാൻ അഭിമാൻ കർഷക പെൻഷൻ പദ്ധതിയുടെ മാതൃകയിൽ കേര കർഷകർക്ക് പെൻഷൻ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾക്ക് അന്തിമ രൂപം നൽകി വരുന്നു.

## ആലുവ മണ്ഡലത്തിലെ കർഷകർക്കുള്ള സൗജന്യ വൈദ്യുതി പദ്ധതിയിലെ കുടിശ്ശിക

245 (1215) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ അസംബ്ലി നിയോജകമണ്ഡലത്തിലെ കർഷകർക്ക് നൽകിയ സൗജന്യ വൈദ്യുതിയുടെ ബില്ലിൽ കെഎസ്ഇബി-യിൽ അടയ്ക്കാനുള്ള കുടിശ്ശിക കൃഷിഭവൻ തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ വൈദ്യുതി കുടിശ്ശിക അടയ്ക്കാത്തതുമൂലം എത്ര കർഷകരുടെ വൈദ്യുതിബന്ധം വിച്ഛേദിച്ചിട്ടുണ്ടെന്ന് കൃഷിഭവൻ തിരിച്ച് വ്യക്തമാക്കുമോ ;

(സി) അടിയന്തരമായി പ്രസ്തുത വൈദ്യുതി കുടിശ്ശിക അടച്ചു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലുവ അസംബ്ലി നിയോജകമണ്ഡലത്തിലെ കർഷകർക്ക് നൽകിയ സൗജന്യ വൈദ്യുതിയുടെ കുടിശ്ശിക തുക കൃഷി ഭവൻ തിരിച്ച് ചുവടെ ചേർക്കുന്നു:

| | | രൂപ |
|---|---|---|
| കടുങ്ങല്ലൂർ | - | 3,36,895 |
| കരുമാലൂർ | - | 6,48,373 |
| ആലങ്ങാട് | - | 8,44,637 |
| ഏലൂർ | - | 1,07,523 |
| ആലുവ മുനിസിപ്പാലിറ്റി | - | 29,433 |
| വരാപ്പുഴ | - | 1,05,070 |